# ഒരു ക്നാനായ രോമാഞ്ചം,

by

GEORGE J. POOZHIKALA

[Mr.Poozhikala is a writer and thinker of contemporary times against social evils. He is very much convinced that the endogamy and the associated practice of expulsion from the catholic church is anti-faith and against human decency]

"A man who views the world the same at 50 as he did at 20 has wasted 30 years of his life."

Here is a fatal knockout blow on the endogamy nuts from Mohammed Ali: "I might disagree with your opinion but I am willing to give my life to defend your right to express it." , 'A FLOOD OF LIGHT OF WISDOM SHED ON THE BLIND ENDOGAMY INSANE' by Voltaire.

ഒരു ദുരഭിമാന കൊല എന്ന് വിധിക്കപ്പെട്ട കെവിൻ കോലകേസിലെ ഇര. കെവിൻ കൊലചെയ്യപ്പെടാൻ കാരണം കെവിൻ തൻ്റെ കൊലയാളികളായ ഷാനു ചാക്കോയുടെയും കൂട്ടരുടെയും സമുദായത്തിലോ അഥവാ അവർക്ക് സ്വീകാര്യമായ സമുദായത്തിലൊ ജനിച്ച ആളല്ലായിരുന്നു എന്നതാണ്.. അങ്ങനെയുള്ള ഒരു വിജാതീയൻ പ്രസ്തുത ഷാനു ചാക്കോയുടെ സഹോദരിയെ വിവാഹം കഴിച്ചു.

അത് കോട്ടയം ക്നാനായ കത്തോലിക്കാ രൂപതയും സമുദായവും യാതൊരുവിധ വിട്ടുവീഴ്ചയും ഇല്ലാതെ പാലിക്കുന്ന സ്വജാതി വിവാഹ നിഷ്ഠാ ദുരാചാരത്തിൻ്റെ ലംഘനമാണ്. അത് ക്നാനായ രൂപതക്കും സമുദായത്തിനും എന്നതുപോലെ പ്രസ്തുത ചാക്കോയ്ക്കും കൂട്ടർക്കും, അശേഷം സ്വീകാര്യമല്ലായിരുന്നു. അവരോടൊപ്പം ക്നാനായ കത്തോലിക്കാ രൂപതയും ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ എന്ന് അവകാശപ്പെടുന്ന, അതിൻ്റെ ആധ്യാത്മീക സാരഥികളും ക്നാനായ സമുദായവും അതിലെ അനേകം പ്രൊഫസർമാർ ഉൾപ്പെടുന്ന ഉന്നത ബിരുദധാരികളും, പ്രസ്തുത

ദുരഭിമാന കൊലക്ക് പ്രകോപനമായ പ്രസ്തുത ക്രൂരവും അപഹാസ്യവുമായ ചാക്കോ മനോഭാവം ആദരിച്ച്, അംഗീകരിക്കുന്നവരാണ്; അവരതിനെ അവരുടെ മഹത്തായ പാരമ്പര്യമായി, അവരുടെ അഭിമാനമായി, സർവ്വോപരി അവരുടെ രോമാഞ്ചമായി, കണ്ണിലെ കൃഷ്ണമണിയായി വെച്ചുപുലർത്തുന്നു, സംരക്ഷിക്കുന്നു.

ദുരഭിമാന കൊല എന്ന് കോടതി നിരീക്ഷിച്ച കെവിൻ കൊലപാതകത്തിന് ഷാനു ചാക്കോയേയും കൂട്ടരെയും പ്രകോപിപ്പിച്ച കെവിൻ ചെയ്ത തെറ്റ് ക്നാനായ കത്തോലിക്കാ രൂപതയും സമുദായവും ആദരിച്ചഭിമാനിക്കുന്ന സ്വജാതി വിവാഹ നിഷ്ഠാ ആചരണത്തിൻറ്റെ ലംഘന പരിധിയിൽ വരും. അനേകം ഞരമ്പ് രോഗികൾക്കും ഇന്നലെ പെയ്ത മഴക്ക് ഇന്ന് കുരുത്ത, രാജവെമ്പാല എന്ന് സ്വയം ചിന്തിക്കുന്ന, ഞാഞ്ഞൂലുകൾക്കും ഒപ്പം കോട്ടയം ക്നാനായ കത്തോലിക്കാ അതിരൂപതയും അതിൻറ്റെ മേലധ്യക്ഷൻ മാർ മൂലെക്കാട്ടിലും ക്നാനായ സമുദായവും അതിലെ പല കോളേജ് പ്രൊഫസർമാർ ഉൾപ്പെടുന്ന ഉന്നത ബിരുദ ധാരികളും പ്രസ്തുത ലംഘനം, ഊരുവിലക്ക് കല്പിച്ച്, സമുദായത്തിനും രൂപതക്കും പുറത്താക്കി ശിക്ഷിക്കപ്പെടേണ്ട ഒരു കുറ്റകൃത്യമാണെന്ന് അടിയുറച്ച് വിശ്വസിക്കുന്നു, വീറോടെ വാദിക്കുന്നു, വീർപ്പുമുട്ടി വിലപിക്കുന്നു.

തന്മൂലം ക്നാനായ രൂപതയുടേയും സമുദായത്തിൻറ്റെയും അവബോധത്തിൽ, ഗ്രഹണശേഷിയിൽ പ്രസ്തുത ദുരഭിമാനക്കൊല ഒരു എൻഡോഗമി കൊലയാണ്. അതുകൊണ്ട് അത് ക്നാനായ രൂപതക്കും സമുദായത്തിനും ഒരു രോമാഞ്ചവും; അതിലെ, ദുരഭിമാനക്കൊല ആരോപിക്കപ്പെട്ട് ശിക്ഷിക്കപ്പെട്ട പ്രതികൾ രക്തസാക്ഷികളും. കാരണം അമൂല്ല്യം ആയവയെ സംരക്ഷിക്കുവാൻ പടപൊരുതുകയും അവക്ക് ഭീഷണിയായി തീരുന്നവരെ സംഹരിക്കുകയും ചെയ്യുന്നവരെ ആരും കൊലയാളികൾ എന്ന് മുദ്രകുത്താറില്ല മറിച്ച് അവർ ആരാധ്യരായ വീര പുരുഷന്മാരാണ്.ക്നാനായ സമുദായത്തെ വളരെ വ്യാപകമായി ബാധിച്ച്

കീഴ്പ്പെടുത്തിയിരിക്കുന്ന സ്വജാതി വിവാഹ നിഷ്ഠ ദുരാചാരം ജാതി വിദ്വേഷം, സഹജീവി നിന്ദ, ഹീന ജന്മ ബോധം എന്നീ മാനസീക ക്രമക്കേടുകളുടെ ഉറവിടമാണ്.

ഈ മാനസീക ക്രമക്കേട് ദുരഭിമാന കൊലയിലേക്ക് നയിക്കുന്ന പുളിമാവെന്ന ബാക്ടീരിയ ആയി മാറുന്ന പ്രതിഭാസത്തെയാണ് പ്രസ്തുത കെവിൻ കൊലപാതകം സാക്ഷ്യപ്പെടുത്തുന്നത്. സ്വജാതി വിവാഹ നിഷ്ഠ വിഷയം ചർച്ചചെയ്യപ്പെടുമ്പോൾ എല്ലാം ക്നാനായ സമുദായാ അംഗങ്ങൾ, സർവ്വ സാധാരണമായി പ്രകടിപ്പിക്കുന്ന തിളച്ചുപൊങ്ങുന്ന, അതിരൂക്ഷമായ അസഹിഷ്ണുതയും കോലാഹലവും അവരിൽ അന്തർലീനമായിരിക്കുന്ന ഞരമ്പ് രോഗലക്ഷണങ്ങളെയും മന്ദബുദ്ധി പ്രവണതയെയും അതുമൂലം അവരെ ദുരഭിമാന കൊലയിലേക്ക് നയിക്കുന്ന പ്രസ്തുത അന്തർലീന 'പുളിമാവിനേയും' വെളിപ്പെടുത്തുന്നു.

എൻഡോഗമി വിഷയം മാർ മൂലക്കാട്ടിൽ ചർച്ച ചെയ്തിട്ടുള്ള എല്ലാ വേദികളിലും ഈ അസഹിഷ്ണുത രോഗം ആക്രോശവും അലങ്കോലവും അക്രമാസക്തവുമായി മാറി താണ്ഡവനൃത്തം ചെയ്യുന്നത് മാർ മൂലക്കാട്ടിൽ നിസ്സഹായനായി നോക്കിനിന്ന് വീർപ്പുമുട്ടുന്നത് ഇന്നും ഗൂഗിൾ (google) സാക്ഷ്യപ്പെടുത്തുന്നു.

കോട്ടയം രൂപത അനുവർത്തിച്ചുപോരുന്ന സ്വജാതി നിഷ്ഠ ദുരാചാരത്തെ അനേകം ലേഖനങ്ങളിലൂടെ ഞാൻ നിരന്തരം രൂക്ഷമായി വിമർശിക്കുക ഉണ്ടായി. ഇത് നിയമാനുസൃതമായ എൻ്റെ അഭിപ്രായ സ്വാതന്ത്ര്യ അവകാശമാണ്. എങ്കിലും, തികച്ചും യുക്തിഭദ്രമായ എൻ്റെ വാദമുഖങ്ങൾക്ക് മറുപടിയില്ലാതെ ശ്വാസംമുട്ടിയ പ്രസ്തുത മന്ദബുദ്ധി പ്രവണതയുള്ള ഞരമ്പ് രോഗികളിലൊരാൾ അറ്റ്ലാൻ്റ സിറ്റിയിൽനിന്ന് " ചെറുപ്പക്കാരായ ക്നാനായക്കാർ എന്നെ വീട്ടിൽ വന്ന് വകവരുത്തും" എന്ന് രേഖാമൂലം ഭീഷണിപ്പെടുത്തുകയും, സമുദായ നേതൃത്വം വയറ്റിപ്പിഴപ്പാക്കി ആളുകളിക്കുന്ന ഏതാനും അല്പന്മാരുൾപ്പെടെ ചില

ആഭാസന്മാർ വ്യക്തിപരമായി എന്നെ ആക്രമിക്കുകയും അസഭ്യ വർഷം കൊണ്ട് പ്രതികരിക്കുകയും ഉണ്ടായി.

വളരെ വ്യാപകമായ ഒരു ഗുണ്ടാ സംസ്കാരം വച്ചുപുലർത്തുന്ന ഒരു ഗേട്ടോ (ghetto) കൂടെയാണ് ക്നാനായ സമുദായം എന്ന് മേലുദ്ധരിച്ച അസഹിഷ്ണുതാ ആക്രമണ പ്രവണതകൾ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു

( I might disagree with your opinion but I am willing to give my life to defend your right to express it - Voltaire ).

ഈ മഹത്തായ തത്വചിന്ത ഉൾക്കൊള്ളുവാനും അതിലെ ആദർശശുദ്ധിയും ബൗദ്ധീക സൗന്ദര്യവും ആസ്വദിക്കുവാനും ഉള്ള മാനസീക സംസ്കരണം പ്രാപിക്കാത്ത ഒരു പ്രാകൃത ഗോത്രം ആണ് ക്നാനായ സമുദായം എന്ന് അതിൻറ്റെ എൻഡോഗമി ഭ്രാന്ത് തെളിയിക്കുന്നു. (തുടരും...)

GEORGE J. POOZHIKALA